# പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കി; പുന്നമട ക്ലീൻ

**ആലപ്പുഴ:** നെഹ്റുട്രോഫി ജലോത്സവം കഴിഞ്ഞപ്പോൾ പ്ലാസ്റ്റിക് മാലിന്യങ്ങൾകൊണ്ട് നിറഞ്ഞ പുന്നമടക്കായൽ ഇപ്പോൾ ക്ലീൻ. പ്ലാസ്റ്റിക് കുപ്പിയോ കടലാസോ ഇപ്പോൾ അവിടെ കാണാൻ കഴിയില്ല. മാലിന്യങ്ങളോട് അധികൃതർ കണ്ണടച്ചപ്പോൾ പരിസ്ഥിതി സംഘടനയായ 'എ ട്രീ'യും ഓൾ കേരള ഹൗസ്ബോട്ട് ഓണേഴ്സ് അസോസിയേഷനും ആ ദൗത്യം ഏറ്റെടുത്തു. സഹായത്തിന് നഗരത്തിലെ സ്കൂൾ-കോളേജ് വിദ്യാർഥികളും മത്സ്യത്തൊഴിലാളികളും ഹൗസ്ബോട്ട് ജീവനക്കാരും എത്തിയതോടെ പുന്നമടക്കായൽ മാലിന്യമുക്തമായി.

കായലിൽ പൊങ്ങിക്കിടന്ന പ്ലാസ്റ്റിക് കടലാസുകളും കുപ്പികളും വള്ളങ്ങളിലെത്തിയാണ് ശേഖരിച്ചത്.



പുന്നമടക്കായലിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ വള്ളത്തിൽ ശേഖരിച്ചുകൊണ്ടുപോകുന്നു

വിദ്യാർഥികളടക്കം 80-ഓളം പേർ മാലിന്യം പെറുക്കാൻ രംഗത്തിറങ്ങിയത് ഗുണം കണ്ടു. 800 കിലോയോളം പ്ലാസ്റ്റിക്കാണ് കായലിൽ നിന്ന് ലഭിച്ചത്. ഇത് 35 വലിയ ചാക്കുകളിൽ നിറച്ചു. ശേഖരിച്ച പ്ലാസ്റ്റിക് നീക്കംചെയ്യാൻ നഗരസഭാ അധികൃതർ സമ്മതിച്ചതോടെ പരിപാടി വിജയകരമായി.

അധ്യാപകർ, ടൂറിസം പോലീസുകാർ എന്നിവരും മാലിന്യം നീക്കാൻ മുന്നിട്ടിറങ്ങി.

പരിപാടിയുടെ ഉദ്ഘാടനം കനാൽ ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയർ ജോയ് ജനാർദനൻ നിർവഹിച്ചു. എ ട്രീ പ്രോജക്ട് കോ-ഓർഡിനേറ്റർ ഡോ. ലതാഭാസ്കർ, ഹൗസ്ബോട്ട് ഓണേഴ്സ് അസോസിയേഷൻ പ്രസിഡൻറ് സക്കറിയ, രാജൻ പീറ്റർ, ടി.സി. ജോജോ, കൃഷ്ണകുമാർ, കിഷോർ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

## ◆ വിവാഹം ◆

**കൊച്ചി:** ഇൻഫ്രാ സ്ട്രക്ചേഴ്സ് കേരള ലിമിറ്റഡ് (ഇൻകെൽ) കമ്പ

## ക്വട്ടേഷൻ സംഘങ്ങളും വൻകിട വ്യവസായികളും തമ്മിലുള്ള ബന്ധം അന്വേഷിക്കണം



**ആലപ്പുഴ:** ചില വൻകിട വ്യവ